ഇപ്പോൾ പ്രാഥമികമായ ചില തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ് ആരംഭിക്കുന്നത്. അതു പിന്നെ കൂടുതൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കും. ഇപ്പോൾതന്നെ പല ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു ബോർഡ് തീരുമാനമെടുത്ത് ഗവൺമെന്റിലേയ്ക്ക് അയച്ചിട്ടുണ്ട്. ഗവൺമെന്റ് അതിന്റെ സാമ്പത്തികമായ പരിതഃസ്ഥിതി നോക്കി അതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(19) തൃക്കലങ്ങോട് പഞ്ചായത്തിലെ ഭൂമി കൈയ്യേറ്റം

ശ്രീ. എൻ. കണ്ണൻ : തൃക്കലങ്ങോട് പഞ്ചായത്തിൽ പഞ്ചായത്തിന്റെ ഒരു പൊതു ആവശ്യത്തിനുവേണ്ടി വാങ്ങിയ സ്ഥലത്ത് ചിലയാളുകൾ കയ്യേറ്റം നടത്തുകയും അതിന്റെ ഭാഗമായി വീട് വയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു തന്നെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്.

അതുകൊണ്ട് ഈ പഞ്ചായത്തിന്റെ ഭൂമി അനധികൃതമായി കയ്യേറ്റം നടത്തിയ ആളുകളെ ഒഴിപ്പിക്കാനും അർഹതപ്പെട്ട ആളുകൾക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് ബഹു. മന്ത്രിയോട് അപേക്ഷിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, മലപ്പുറം ജില്ലയിൽ തൃക്കലങ്ങോട് പഞ്ചായത്തിലെ ഭൂരഹിതരായ കർഷകത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായിട്ട് തൃക്കലങ്ങോട് പഞ്ചായത്തിൽ പല സ്ഥലങ്ങളിലായി പൊന്നുംവിലയ്ക്ക് ഭൂമി എടുക്കുകയാണുണ്ടായത്. പ്രസ്തുത ഭൂമിയിൽ അനധികൃതമായി ആളുകൾ കൈയ്യേറി കുടിലുകൾ കെട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ പഞ്ചായത്ത് നടപടികൾ ആരംഭിച്ചു. യഥാർത്ഥ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഭൂമി പതിച്ചു നൽകുന്നതിന് തടസ്സമാകുമെന്നതിനാൽ പഞ്ചായത്തിന്റെ 06.01.99-ലെ 2-ാം നമ്പർ തീരുമാനപ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകളനുസരിച്ച് കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് പഞ്ചായത്ത് ഐകൃകണ്ഠ്യേന തീരുമാനിച്ചു. അതിൻപ്രകാരം നോട്ടീസ് നൽകുകയും പോലീസ് സഹായത്തോടെ പുലർച്ചെ തന്നെ ലക്ഷം വീട് കോളനിയിലെ അനധികൃത കയ്യേറ്റക്കാരെ 05.02.2000-ന് ഒഴിപ്പിക്കുകയും ചെയ്തു. മറ്റു കോളനികളിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടിയെടുത്ത് വരുന്നുണ്ടെന്ന് തൃക്കലങ്ങോട് പഞ്ചായത്ത് ഗവണ്മെന്റിനെ അറിയിച്ചിട്ടുണ്ട്.

(20) മലപ്പുറം ജില്ലയിലെ തൃക്കുളം വാട്ടർഷെഡ് വികസന പദ്ധതി

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, കേന്ദ്ര ഗവണ്മെന്റ് ആവിഷ്കരിച്ച സാറ്റലൈറ്റ് റിമോട്ട് സെൻസിംഗ് അടിസ്ഥാനമാക്കിയുള്ള ഇന്റഗ്രേറ്റഡ് മിഷൻ ഫോർ സസ്റ്റേയിനബിൾ ഡെവലപ്പ്മെന്റ് പദ്ധതി നടപ്പാക്കാൻ പാലക്കാട്, കാസർകോട്, മലപ്പുറം, പത്തനംതിട്ട എന്നീ ജില്ലകളെ തെരഞ്ഞെടുക്കുകയുണ്ടായി. മലപ്പുറത്തെ തൃക്കുളം വാട്ടർഷെഡ് ആണ് അതിനായി തെരഞ്ഞെടുക്കപ്പെട്ടത്. കൊണ്ടോട്ടി, മലപ്പുറം, തിരൂരങ്ങാടി എന്നീ നിയോജക മണ്ഡലങ്ങളിലെ പ്രദേശങ്ങളാണ് തൃക്കുളം വാട്ടർ ഷെഡ്ഡിലുള്ളത്. കേരളാ സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റൽ സെന്റർ ഈ വാട്ടർഷെഡ് പ്രദേശത്തിന്റെ വികസനത്തിനുള്ള സാറ്റലൈറ്റ് സർവ്വേ നടത്തു

LIBRARY ARCHIVES Kerala Legislative Assembly